Registered No. M-4485 Madras War Review, Malayalam—16-2-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ഫിബ്രുവരി 16-ാംനു, വെള്ളിയാഴ്ച [ലക്കം 23



## യുദ്ധത്തിന്നും സമാധാനത്തിന്നും വേണ്ടി ഐക്യത

### "ത്രിമൂർത്തി" കളുടെ തീരുമാനം

**ക്രിമിയയിൽ** ചേൎന്ന സമ്മേളനത്തിൽ ഞങ്ങൾ സമാധാനകാലത്തും ഐക്യതയോടെ വൎത്തിക്കുന്നതിന്നു തീരുമാനിച്ചിട്ടുണ്ടു്. ഉദ്ദേശ്യത്തിലും പ്രവൃത്തിയിലും ഉണ്ടായ യോജിപ്പുമൂലമാണു് ഐക്യരാഷ്ട്രങ്ങൾക്കു് വിജയം സുനിശ്ചിതമായിട്ടുള്ളതു്.

**ഞങ്ങളുടെ** മൂന്നു രാജ്യങ്ങളും മററു സമാധാന കാംക്ഷികളായ രാഷ്ട്രങ്ങളും തമ്മിലുള്ള അനുരഞ്ജിപ്പും, സഹകരണവും ഉണ്ടായാൽമാത്രമേ മനുഷ്യജനതയുടെ അഭിലാഷം, അതായതു്, ശാശ്വതവും സുരക്ഷിതവുമായ സമാധാനം, കൈവരികയുള്ളൂ. 'എല്ലാ രാജ്യത്തുമുള്ള എല്ലാവരും ഭയപ്പെടാതെയും, സമൃദ്ധമായും ജീവിക്കുക' എന്നാണു് സുരക്ഷിതവും ശാശ്വതവുമായ സമാധാനത്തിന്നു അട്ലാന്തിക് രേഖയിലെ നിൎവ്വചനം.

—1945 ഫിബ്രുവരി 12-ാംനു, ക്രിമിയയിൽവെച്ചു സ്റ്റാലിൻ, റൂസ്‌വെൽട്ടു്, ചർച്ചിൽ എന്നീ മൂന്നു നേതാക്കന്മാരും കൂടി ഒപ്പിട്ട ഒരു പ്രഖ്യാപനത്തിൽനിന്നു്

# "പട്ടാളക്കാരനായാൽ"

(ജി. പി. ശങ്കരമംഗലം.)

(മഞ്ജരി)

"പട്ടാളക്കാരനായ് തീരുന്നു ഞാനെങ്കിൽ
മട്ടോലുംവാണി നീ എന്തുചെയ്യും?"

"ഒട്ടേറെക്കാലമായാശിച്ച സൌഭാഗ്യം-
കിട്ടിയതോർത്തീശ പൂജചെയ്യും"

"ആഹവത്തിന്നത്ര മോഹമോ, ഓമലേ;
ആഹാ, വിരഹത്തിൽ ഖേദമില്ലേ?"

"ആഹന്ത, മാതൃഭൂസേവന ശൂന്യമാം-
ദേഹവും ദേഹിയും പാഴിലല്ലേ?"

"എങ്കിലും"—[ആ ഭർത്തൃതങ്കമുഖത്തൊരു
സങ്കടച്ചെങ്കൊടിയങ്കുരിച്ചു,
ദുർഗ്രഹ ഗ്രന്ഥംപോൽ ഓമൽമുഖാബ്ജത്തിൽ
വ്യഗ്രതിയാർന്നവൻ ദൃഷ്ടിവെച്ചു.
സുസ്ഥിരചിത്തയാമാത്മകാപത്നിയാൾ
മുഗ്ദ്ധഹസിതയായോതിയേവം]

"ആത്മാർത്ഥരാഗതരംഗത്തിലങ്ങെന്നെ-
യാറാടിച്ചാറാടിച്ചാചരിക്കെ,

അപ്രമേയാനന്ദ മാധുരിയിൽമുങ്ങിനാം-
അത്ഭുതസ്വപ്നങ്ങൾ കണ്ടിരിക്കേ,

ഹാ, കഷ്ടം, നാഥാ മറന്നുപോയ്തെല്ലിട-
ലോകദുരിതങ്ങളാകമാനം

അപ്പുരുസ്വർഗ്ഗം, നരകജം, വ്യാമോഹ-
ശില്പവിലാസിതമത്ര മാത്രം.

നാരകയുദ്ധത്താൽ നാടകമെമ്പാടും-
നാനാവിധമായ് പരിതപിക്കെ,

ആയിരമായിരം സോദരരീനര-
നായാട്ടിൽ ജീവൻ ബലികഴിക്കെ,

നന്മയും, തിന്മയും, തമ്മിലടിപ്പതിൽ
നമ്മൾക്കു ചെയ്യേണ്ടതൊന്നുമില്ലേ?

മാനവരക്തക്കളത്തിൽ, മധുവിധു-
മാധുര്യം കാൺകയോ; ശാന്തം പാപം!!"

(ഉദ്വേഗചിത്തതൻ ദേഹത്തിൽ കോപത്തിൻ
വിദ്യുൽപ്രവാഹമലയടിച്ചു)

"ചഞ്ചലൽക്കൺകളിൽ, പുഞ്ചിരിക്കൊഞ്ചലിൽ,
പഞ്ചാരവാക്കിൽ, പവിഴച്ചുണ്ടിൽ,

നെഞ്ചത്തുയരുന്ന പഞ്ചാരക്കുംഭത്തിൽ,
സഞ്ചാരഭംഗിയിൽ, പുഞ്ചായലിൽ,

പൂനിലാരാത്രിയിൽ, പൂവനമോടിയിൽ,
പൂഞ്ചോലക്കാന്തിയിൽ, പൂവൽമെയ്യിൽ,

ഹാ കഷ്ടം! മാണുങ്ങൾ-നിങ്ങൾ-മയങ്ങിപ്പോയ്
തീകണ്ട ചിത്രശലഭംപോലെ!

പോരിലരിയെയറുക്കേണ്ടും കൈകളാൽ-
പോർമുല ലാളിച്ചു നാൾകഴിപ്പൂ!

പോരുമീട്ടുന്നയം, പോർക്കളകാഹള-
വീരസ്വരങ്ങൾ മുഴങ്ങിടുന്നു.

പോവുക, പോവുക, മൽപ്രാണനായകാ,
പോരിൽ വിജയിച്ചു പോരൂ, വേഗം"

* * *

ദിവ്യാത്മസംഗീതമെന്നപോലാശുഭ-
ദിവ്യഗിരങ്ങളലയടിക്കെ,

അത്ഭുതസിദ്ധിയാർന്നപ്രേമഗായകൻ-
കർത്തവ്യബുദ്ധിയാൽ ബദ്ധനായി:

(നാളുകൾ രണ്ടു കഴിഞ്ഞുപോയ്, നായകൻ
നാളീകലോചനയോടുരച്ചു)

"പട്ടാളക്കാരനാണിന്നുമുതല്ലു ഞാൻ,
മട്ടോലുംവാണി, മനസ്സിലാക്കൂ!

മുട്ടാതെ സൽജയം നേടിവരാ,മെന്നാൽ-
കിട്ടുമെനിക്കെന്റെ പ്രേമരാജ്യം!"

# അഞ്ചാംപത്തിക്കാരോട്

(പി. കെ. കുഞ്ഞിരാമൻ പണിക്കർ)

ഊരക്കേറിടുന്ന പടയാളികൾ നിങ്ങളെങ്കി-
ലിക്കണ്ടതായ രണഭൂമി വെടിഞ്ഞുമന്ദം,
ലാക്കോടൊളിഞ്ഞു ചതിചെയ്യുവതിന്നുമാത്രം
നോക്കുന്നതെന്തു; ശിരു ലേശവുമില്ലയെന്നോ?

സ്വന്തം ജനങ്ങളതിവിക്രമമാർന്നു പോരിൽ
നൊന്തെങ്ങുമേ പൊരുതിവീരത നേടിടുമ്പോൾ,
എന്തെന്തവർക്കുജയമേറുവതിന്നു ശത്രു-
വേന്തുന്നതന്ത്രമതിൽ നിങ്ങൾ തുണച്ചിടുന്നു!

പാരിങ്കലന്യരുടെ സേവയിലാർത്തിമൂത്തു
പോരാത്തതാം സ്ഥിതിവരിച്ചു ചെരുപ്പുനക്കാൻ,
പാരിച്ച ദുർന്നയമിയന്നവരായ ശത്രു-
ചാരർക്കു നാടൊരുവെറും കളിവസ്തുമാത്രം!

കപിസ്ലിങ്ങുമാരുടെ പിറപ്പുകളങ്ങുമിങ്ങു-
മസ്വാസ്ഥ്യമേറുവതിനായ് ത്തുടരുന്നനേരം,
സൂക്ഷിച്ചുനമ്മൾകൃപയെന്നിയെ, നീതിതൻകൈ
യ്യേല്പിച്ചിടാനിനി മടിക്കരുതേതുകൊണ്ടും. [ഹം

സ്വാതന്ത്ര്യവാഞ്ഛയുടെ പേരിലിതെന്തുമോ-
ഹം, തന്ത്രശാലികൾ! ജനങ്ങളറിഞ്ഞിതെല്ലാം
ആതങ്കമേററമിയലുന്നതിനായി ശത്രു-
ഭ്രാതത്തെയിങ്ങതിഥിയായി വിളിപ്പുയെന്നോ?

കഷ്ടം മനുഷ്യ! ഭവദീയ ദുരാഗ്രഹത്താൽ
ദുഷ്കൃത്യമിത്തുടരാൻ തുനിയുന്നുവല്ലോ.
നൈഷ്ഠുര്യമാർന്നു നിജനാടിനെ വിററഴിപ്പാ-
നിഷ്ടപ്പെടുന്നു, പരനേയധികാരിയാക്കാൻ.

ഓടിക്കൊള്ളുക, വഞ്ചനയ്ക്കു വഴിവെ-
ച്ചീടുന്നൊരേജൻറുമാർ
ഈടില്ലാത്തവരായി ജാപ്പുകൾ, അതേ-
ഫാസിസ്റ്റു കൂട്ടാളരും;
നേടീടുന്നെങ്ങുമെങ്ങും വിജയനികരം
സഖ്യപക്ഷീയ സൈന്യം,
ചാടിപ്പോയി വിപത്തിനുള്ള വലയിൽ
ശത്രുക്കളെല്ലാവരും.!

# പ്രാർത്ഥന

(കെ. കെ. ജാനകിയമ്മ)

(ഉപസർപ്പിണി)

വിജയ രശ്മികൾ വാരിവിതറുന്ന
വിലസിതമായ് തളിരൊളി നീളെയും.

ഇരുളിഴഞ്ഞൊരുലകിൻ മുഖത്തു പു-
ഞ്ചിരികൾ തൻ മുകുളങ്ങൾ വിരിയുന്നു!

കദനചിന്തകളാകും നിഴലുകൾ,
കരളിലെങ്ങും വളർന്നൊരാശങ്കകൾ,

സകലമിന്നീസമാശ്വാസ ചിന്തയിൽ
സലിലരേഖപോൽ മാഞ്ഞു മറയുന്നു!

വിവിധവർഷങ്ങളായ് വിഷാദത്തിന്റെ
സവിധസീമയിൽ നിൽക്കുന്നുലകിടം;

വല്ലരെ വർഷങ്ങളായി ഫാസിസ്റ്റുകൾ
വിഷമയലിപ്തമാക്കുന്ന ദിങ്മുഖം!

വിമലശാന്തിതൻ കോവിലിൽ പൂജചെ-
യ്യുമരുവാൻ കൊതികൊള്ളും മനുഷ്യത,

എരിപൊരിക്കൊൾവൂ യുദ്ധക്കളങ്ങളിൽ,
പൊരിവെയിലിൽ, പുകയിൽ, പുകച്ചൂലിൽ!

വരികവേഗം വിലാസവിലോലയായ്,
വരിക ശാന്തിതന്നോമനത്താരമേ!

വിജയരശ്മിതൻ പൊന്നൊളി ചിന്നി നീ-
വിമലരൂപിണീ, വന്നണഞ്ഞീടണേ!

വിവിധചിന്താവികാര വിഗളിത-
വിനയനമ്രവിവർണ്ണ വദനയായ്,

അവിടെ നില്ക്കാതെ, സുപ്രസന്നാസ്യയായ്
വരികവേഗം സമാധാനദേവതേ!!

# ഉൽബോധനം

(സരോജം, എൻ. ജി.)

(പാന).

ഭാരതാംബതന്നോമൽക്കുഞ്ഞുങ്ങളേ!
ഭാരതീയ സഹോദരീ വൃന്ദമേ!
വീരമാതാവാമംബയ്ക്കഭിമാനം
ധീരധീര മിനിയും വളർത്തുവാൻ,
നമ്മുടെ കൊച്ചുമക്കളെ കാക്കുവാൻ,
നന്ദിയോടടരാടണം നേടണം.
ശിക്ഷരാം സഖ്യസേനാബലമതാ-
നിപ്പു പിന്നിൽ തുണയെന്തുമേകുവാൻ!
'വീരനാരികൾ ഭാരതയോദ്ധാക്കൾ,'
പാരിലെങ്ങും പരക്കട്ടെയീഗിരം
വന്നുചേരുവിൻ!—ജപ്പാനോ, ജർമ്മനോ,
വന്നെതിർക്കട്ടെ! യുദ്ധം നടത്തിടാം.
ബദ്ധശ്രദ്ധരാമാംഗ്ലേയ സേനകൾ
യുദ്ധസാരഥ്യം മാത്രമേററിടുകിൽ,
തക്ക ചാപംധരിച്ചു നമു"ക്കമേ
രിയ്ക്കു" യാം രഥമേറിയടരാടാം.
ക്രൂരശത്രുസമുച്ചയമൊക്കെയും
മാരിപോൽ ശരം തൂകിമട്ടിച്ചിടാം
ഓർത്തു നോക്കുവിൻ രക്തം തിളച്ചിടും,
ക്രൂ ഫാസിസ്റ്റുരീതികൾ കേൾക്കവേ!
ഒത്തു ചേരുവിൻ, യുദ്ധരംഗത്തിലൊ-
ന്നെത്തിനോക്കുവിൻ—രക്തംചൊരിയുവിൻ!
കാറണിഞ്ഞ വിഹായസ്സു ശുഭ്രമായ്-
തീരുവാൻ മഴപെയ്യൊഴിഞ്ഞീടണം-
ഭാവിനിങ്ങളെ വീരസ്വർഗ്ഗത്തിലെ
ഭാവുകസ്ഥാനത്തെത്തിയ്ക്കു-മല്ലെങ്കിൽ
ശാന്തമോഹനമായ വിശ്രാന്തിതൻ
പൂന്തണലിൽ സുഖിപ്പിയ്ക്കുമെപ്പൊഴും!

# പ്രതിജ്ഞ

(പി. ജി. എസ്. നായർ.)

ഭാരതാംബേ, ഭവതിതൻ പുത്രന്മാർ
വീരയോധന്മാർ, പൂകിനാർ പോർക്കളം;
അമ്മതന്നഭിമാനം പുലർത്തുവാ-
നെന്നുമെന്നും പൊരുതിടും ധീരന്മാർ.

ഫാസിസത്തെ മുഴുവൻ നശിപ്പിയ്ക്കും
ശാസനയാലകററിടും ജപ്പാനെ!
സൌഖ്യസിദ്ധികൾ കൈവരിച്ചെത്തിടും-
യുദ്ധവീരന്മാർ ഞങ്ങൾ ധടുതിയിൽ.

ആറക്കാനിലെ വീരർ തൻകൃത്യങ്ങൾ-
ചോര, ഹാ തിളപ്പിക്കുന്നു ഞങ്ങളിൽ!
തൻകരത്തിനാൽ ലോകചരിത്രത്തിൽ
തങ്കരശ്മികൾ മിന്നിച്ചു ധീരന്മാർ!
പേടിച്ചോടിക്കുഴങ്ങുന്നു ജാപ്പുകൾ-
വേടരെപ്പോലെ കാട്ടിന്നടവിങ്കൽ.

വീരതയെഴും ഭാരതമാതാവേ,
താവക സുതരാകിയ യോധന്മാർ,
എത്തിടും നാളെ കീർത്തി കുസുമങ്ങൾ,
ചാർത്തുവാനായ് ഭവതി തൻ കോവിലിൽ!
വേദനിയ്ക്കേണ്ട, വേപഥു കൊള്ളേണ്ട-
വേഗമെത്തിടും ഞങ്ങൾ തവാന്തികേ.

# ലേഖകന്മാർക്ക്

യുദ്ധസഞ്ചികയിലേയ്ക്കു് പ്രസിദ്ധീകരണാർത്ഥം എഴുതി അയക്കുന്ന ലേഖനങ്ങളും പദ്യങ്ങളും മററും വൃത്തിയായി മഷിയിൽ എഴുതി അയക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസിദ്ധീകരിക്കുന്നതിനു താമസവും ചിലപ്പോൾ അസാദ്ധ്യവുമായി വരുന്നതാണ്. ഈ സംഗതിയിലേക്കു ലേഖകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

## "യുദ്ധം കൊള്ളക്കാരെ സൃഷ്ടിക്കുന്നു; സമാധാനം അവരെ തൂക്കിക്കൊല്ലുന്നു!"

# 5,000 ക. സമ്മാനം

## ശത്രുവിൻെറ ചാരന്മാരെ പിടിച്ചുകൊടുക്കുന്നവക്ക്

ശത്രുവിൻെറ ചാരനെന്ന നിലയിൽ ശിക്ഷാർഹനാവുന്നതോ, ശത്രുവിനു് സഹായങ്ങൾ നൽകിയെന്നു തെളിയുന്നതോ ആയ ഒരാളെ നിങ്ങൾ പിടിച്ചുകൊടുക്കുന്നപക്ഷം നിങ്ങൾക്കു 5,000 ക. സമ്മാനം ലഭിക്കുന്നതാണു്.

അങ്ങിനെയുള്ള ഒരു ചാരനെ പിടിക്കുന്നതിന്നു ഉതകുന്ന വിവരങ്ങൾ നൽകുന്നവക്കു 1,000 ക. സമ്മാനം നൽകപ്പെടുന്നതാണു്.

## നിങ്ങൾ സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുക :

1. സംശയാസ്പദമായ കപ്പൽഗതാഗതങ്ങൾ,
2. സംശയിക്കപ്പെടുന്ന ആളുകളേയൊ, അന്യന്മാരേയൊ, കടൽത്തീരത്തിൽ കാണപ്പെടുന്നതു്.
3. ഐക്യരാഷ്ട്രങ്ങളുടേതല്ലാത്ത കപ്പലിൽനിന്നോ, വിമാനത്തിൽനിന്നോ, പാരച്ചൂട്ടു് വഴിക്കോ ഏതെങ്കിലും ആളുകളോ സാമാനങ്ങളോ വരുന്നതു അടുത്ത പോലിസുദ്യോഗസ്ഥൻ വശമോ, ഗ്രാമത്തലവൻ വശമോ, പോലീസ് സ്റ്റേഷനിലോ വിവരം അറിയിക്കുക.

## സമ്മാനവിവരണം

വിമാനസേന, പട്ടാളം, കടൽസേന ഇവയിൽപെട്ട ഭടന്മാക്കും, ഗസററഡ് ഉദ്യോഗസ്ഥന്മാക്കും ചില വിശേഷ പരിതസ്ഥിതികളിലൊഴികെ, സമ്മാനം കിട്ടുന്നതായിരിക്കയില്ല.

പരാജയത്തെ അഭിമുഖീകരിക്കുന്ന ശത്രു പല 'പരാക്രമങ്ങളും' പ്രദർശിപ്പിക്കും. അവർ ചാരന്മാരെ ഈ നാട്ടിലേക്കു അയച്ചാൽ, അവരുടെ സംരംഭങ്ങൾ നശിപ്പിക്കുന്നതിന്നു നിങ്ങൾ സഹായിക്കണം. എന്നാൽ നിങ്ങൾക്കു നല്ല സമ്മാനങ്ങൾ ലഭിക്കുകയും ചെയ്യും.

ദയാകരൻ : (സദസ്സിനെ അഭിമുഖീകരിച്ചു്) മാന്യ അദ്ധ്യക്ഷ, സദസ്യരേ ! നിങ്ങൾ ഞങ്ങളിൽ കാണിച്ച കാരുണ്യം സീമാതീതമാണു് ; ഞങ്ങളുടെ ഹൃദയത്തിൽ വഴിഞ്ഞൊഴുകുന്ന കൃതാർത്ഥതയും കൃതജ്ഞതയും എത്രയെന്നു് എനിക്കിവിടെ പറഞ്ഞൊപ്പിക്കാൻ മേലാ (തെരുതെരെ ഹസ്തഘോഷം) എന്നാൽ, നിങ്ങൾ എന്നെ അത്രയധികം പ്രശംസിക്കുന്നതു് ഞാൻ ഇഷ്ടപ്പെടുന്നില്ല—ഞാൻ ആ പഴയ ദയ തന്നെയാണു്. (ചിരി) എങ്കിലും നിങ്ങൾക്കെന്നോടുള്ള സ്നേഹമൂലം നിങ്ങളെന്നെ വലുതായിക്കാണുന്നതാവാം. (പ്രസിഡെണ്ടു മേശമേൽ അടിക്കുന്നു) എൻെറ അഭ്യർത്ഥന ഒന്നു മാത്രമാണു് ; ഈ വായനശാല നല്ലവണ്ണം നടത്തുക. മനുഷ്യർക്കു ഉപയോഗപ്രദങ്ങളായ സേവനങ്ങളിൽ നിങ്ങൾ ഇടപെട്ടു കഴിയുക എന്നു മാത്രമാണു്. (ഇരിക്കുന്നു.)

അദ്ധ്യക്ഷൻ : ഇനി, മിസിസ് ദയാകരൻ പ്രസംഗിക്കുന്നതായിരിക്കും.

രഘു : ഞാൻ അദ്ധ്യക്ഷൻെറ അപേക്ഷയോടു യോജിക്കുന്നു.

ശാരദ : ഞാൻ തല്ക്കാലം ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

രഘു : ഛെ! അതു പററിയില്ല.

അദ്ധ്യക്ഷൻ : ഒരു നവോഢയുടെ ഹൃദയം പുഷ്പിതമായ ചെടിയാണു്. എന്തെല്ലാം അഭിലാഷങ്ങളാണു് അഭിപ്രായങ്ങളാണു് അവിടെ ശ്രമപ്പെടുക്കുക ! (സദസ്യരെല്ലാവരും ചിരിക്കുന്നു.)

ശാരദ : (എഴുന്നേററുകൊണ്ടു്) മാന്യരെ, എനിക്കു നിങ്ങളുടെ ഉപചാരത്തിലും ഉപദേശങ്ങളിലും, അതീവ സന്തോഷമുണ്ടു്. നിങ്ങളുടെ മുമ്പിൽ ശ്രീ ദയാകരൻെറ ഭാര്യയായി അദ്ദേഹത്തോടൊന്നിച്ചുവരാൻ സാധിച്ചതിലാണു് കൂടുതൽ കൃതാർത്ഥത. അന്നൊക്കെ ഞങ്ങളെ പരിഹസിച്ചു നടന്നിരുന്നവർ പലരും ഇതിലുള്ള (പിന്നിലിരിക്കുന്ന ചിലരുടെ ചിരി ഇളിയുന്നു) തു് നല്ലതാണു്. ദയാകരൻ ഒരു തെണ്ടിയും, തെമ്മാടിയുമാണെന്നു പലരും അന്നു പുച്ഛിച്ചിരുന്നു. എന്നെ ഏററവും വേദനിപ്പിച്ചിരുന്ന സംഗതികളായിരുന്നു അതു് ! എൻെറ പ്രാണനാഥനെ ഒരു തെണ്ടിയെന്നു മററാരാൾ പറയുന്നതു് കേൾക്കുക, അതിൽപ്പരം വിഷാദാത്മകമായ ഒരു വാർത്ത എനിക്കു കേൾക്കാനില്ലതന്നെ. (സദസ്യർ അത്ഭുതത്തോടുകൂടി അന്യോന്യം മുഖത്തു നോക്കുന്നു) എന്നാൽ ഇന്നു ഞാനുറപ്പിച്ചുപറയട്ടെ, ശ്രീമാൻ ദയാകരൻ ഒരു മഹാനാണു് ; അനിതരസാധാരണമായ ഗുണഗണങ്ങളിണങ്ങിയ ഒരു യുവയോധാവാണു് ! എനിക്കിതു മുമ്പു മനസ്സിലാക്കാൻ സാധിച്ചു. നിങ്ങൾക്കിപ്പോഴെ സാധിച്ചുള്ളു. നിങ്ങൾ ചെയ്ത ഉപചാരങ്ങൾക്കു് വീണ്ടും നന്ദി പറഞ്ഞുകൊള്ളട്ടെ (ഇരിക്കുന്നു. ഹസ്തതാഡനഘോഷം.)

[സിക്രട്ടറിയുടെ നന്ദിപ്രകടനത്തിന്നുശേഷം യോഗം പിരിയുന്നു. സദസ്യരെല്ലാം ദയാകരനെ സമീപിച്ചു പല ക്ഷേമാന്വേഷണങ്ങളും ചെയ്യുന്നു.]

സമാപ്തം.



റാമ്രീദ്വീപിൽ ഇറങ്ങിയ സഖ്യസേനാ വിഭാഗത്തിലെ ഒരു ആമ്പുലൻസു് ലോറി.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.